# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം/പി8/363/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം/പി8/363/23 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2023 | 06-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-02-2023 | 06-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോഷി തോമസ്,ഓഡിറ്റർ

ബീനാകുമാരി റ്റി.വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷാജിമോൾ എൻ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ എസ്. | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി ഷിജമോൾ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 30-06-2021 |
| ശ്രീ.രമേശ് ബാബു | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധന്യ ഗോപാലകൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി തെരേസ അലക്സ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു എൽ. | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ.അജിത്ത് കുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.സതീഷ് കുമാർ കെ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സുമ കെ.ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി വിദ്യാ വേലായുധൻ | അസി.എഞ്ചിനീയർ | 01-04-2021 | 14-01-2022 |
| ശ്രീമതി സൂര്യ ആർ. | അസി.എഞ്ചിയനീയർ | 15-01-2022 | 31-03-2022 |
| ശ്രീമതി അനില കെ.എസ്. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി ചിത്തിര | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ഡോ.സുമം.ബാബു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ബിജു ജോണ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.തലയോലപ്പറമ്പ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.രമേഷ് ബാബു | അസി.സെക്രട്ടറി | 01-04-2021 | 27-06-2021 |
| ശ്രീമതി ഷീജാമോൾ കെ | അസി.സെക്രട്ടറി | 28-06-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമപഞ്ചായത്തിലെ ആംബുലൻസ് വരവ്--അപാകതകൾ പരിഹരിയ്ക്കേണ്ടതാണ്. | 1-11 |
| 12 | വസ്തുനികുതി-മടങ്ങിയ ചെക്കുകളുടെ തുക നിലവിലും ലഭ്യമായില്ല | 1-12 |
| 13 | അനധികൃത നിർമാണം-UA രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല | 1-13 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 1-14 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 16 | വാടക കുടിശിക | 1-16 |
| 17 | ലേല തുകകൾ അടവാക്കിയില്ല | 1-17 |
| 18 | തടികൾ-ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-18 |
| 19 | വിനോദ നികുതി-തുകകൾ ലഭ്യമാകുന്നതിൽ കാലതാമസം | 1-19 |
| 20 | പഞ്ചായത്ത് ബസ് ടെർമിനൽ കോംപ്ലക്സ് നിർമാണം -വിശദാംശങ്ങൾ ലഭ്യമായില്ല | 1-20 |
| 21 | വിനോദ നികുതി സെസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 1802292 രൂപയുടെ ബാദ്ധ്യത | 1-21 |
| 22 | തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു | 1-22 |
| 23 | എം ജി എൻ ആർ ഇ ജി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും തനത് ഫണ്ട് ചെലവഴിച്ച് വാങ്ങി- സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-23 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്ന് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-24 |
| 25 | മഴക്കാല പൂർവ്വശുചീകരണം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-25 |

| | | |
|---|---|---|
| 26 | സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽനിന്ന് നൽകിയ ഹോണറേറിയം തിരികെലഭിച്ചില്ല. | 1-26 |
| 27 | പെറ്റി വർക്കുകൾ -നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-27 |
| 28 | ആശ്രയ പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-28 |
| 29 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-29 |
| 30 | അങ്കണവാടി നിർമ്മാണം -തുടർനടപടികൾ സ്വീകരിക്കുന്നതിൻ കാലതാമസം | 1-30 |
| 31 | ലാപ് ടോപ്പ് -ജെം മുഖേനെയുള്ള വാങ്ങൽ - നടപടി ക്രമങ്ങളിലെ അപാകതകൾ | 1-31 |
| 32 | പൊതുശൗചാലയം നിർമ്മാണം- നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല | 1-32 |
| 33 | കരിപ്പറം -കലയത്തുംകുന്ന് റോഡ് റീടാറിങ്ങ്- നിർമ്മാണത്തില അപാകത പരിഹരിച്ചിട്ടില്ല. | 1-33 |
| 34 | ജൽ ജീവൻ മിഷൻ പദ്ധതി -പൂർത്തീകരണം അവസാന ഘട്ടത്തിൽ- വെള്ളക്കരത്തിൽ വൻതുക ബാധ്യത | 1-34 |
| 35 | സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. | 1-35 |
| 36 | ലൈഫ് ഭവനനിർമ്മാണപദ്ധതി-മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-36 |
| 37 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തണമെന്ന കമ്മറ്റിതീരുമാനം നടപ്പാക്കിയില്ല | 1-37 |
| 38 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല | 1-38 |
| 39 | തെരുവു വിളക്ക പരിപാലനം -പ്രോജക്ട നിര്വഹണത്തിലെ അപാകതകൾ | 1-39 |
| 40 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-40 |
| 41 | ആസ്തിപരിപാലനം | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് തീയതി 26.03.2022ലെ 4(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 8517231 | 12082341.05 |
| വരവ് | 167373746 | 75493825 |
| ആകെ | 175890977 | 87576166.05 |
| ചെലവ് | 173080060 | 71300567 |
| നീക്കിയിരിപ്പ് | 2810917 | 16275599.05 |

ബജറ്റ് പ്രകാരം 16.7കോടി രൂപയുടെ പ്രതീക്ഷിത വരവും,17.5കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം14.06കോടി രൂപയും ചെലവ് 14.46കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 16.05.2022ലെ 7(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 12082341.05 രൂപയും തൻവർഷ വരവ് 75493825 രൂപയും തൻവർഷചെലവ് 71300567 രൂപയും വർഷാവസാന നീക്കിയിരിപ്പ് 16275599.05 രൂപയും ആകുന്നു. 2021-22 തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം140,691,236രൂപയും ആകെ ചെലവ് 144,687,654 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3)B-4 ഷെഡ്യൂളിലെ വിവരങ്ങൾ അനുപൂരക പോഷകാഹാരം-കേന്ദ്രവിഹിതം ഫണ്ടുമായി പൊരുത്തപ്പെടുന്നില്ല.

4) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) B -9 ഷെഡ്യൂളിൽ സർക്കാറിലേയക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

6) I-18 പട്ടികയിലെ വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7) TSP 25400 രൂപ അലോട്ട് മെന്റ് ഉള്ളത് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) ബാലൻസ് ഷീറ്റിൽ സൂചിപ്പിച്ചിരിയ്ക്കുന്ന ഡി& ഒ കുടിശ്ശിക തുകയുടെ കൃത്യത വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12082341.05 |
| ഓഡിറ്റ് വർഷത്തെ വരവ് | 75493825.05 |
| ആകെ | 87576166.05 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 71300567 |
| നീക്കിയിരിപ്പ് | 16275599.05 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1819076 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19772000 | 19772000 | 19193275 | 578725 | 96 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6809200 | 6809200 | 4754555 | 2054645 | 70% |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 25400 | 25400 | ---- | 25400 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 9706051 | 9706051 | 650811 | 9055240 | 6 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 5435270 | 5435270 | 4199556 | 1235714 | 77 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 6178534 | 6178534 | 2539087 | 3639447 | 41 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12157000 | 12157000 | 5266363 | 6890637 | 43 |
| ഐസിഡിഎസ് ഫണ്ട് | 61673 | 759450 | 821123 | 500000 | 321123 | |
| സമ്പൂർണ്ണ | 1397873 | 119452 | 1517325 | 1353428 | 163897 | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ ഗ്രാന്റ്(TSC) | | | | | | |
| എൻആർഇജിഎ | | | | | – | |

1.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റ് തുക വികസന ഫണ്ട് എസ് സി പി അലോട്ട്മെന്റ് തുക ആയതിൽ ജി.ഓ പ്രോജക്ട് പ്രകാരം ചെലവഴിച്ച തുപ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.1.31 കോടി രൂപ ഓഡിറ്റ് വർഷം ചെലവഴിക്കാനാകാതെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പോയിട്ടുണ്ട്.

2.വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

3. ഐസിഡിഎസ് ഫണ്ട് നീക്കിയിരുപ്പ് തുകയിൽ 77100 വ്യത്യാസം പ്രതിഫലിക്കുന്നു. ടി തുക സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC)വിഹിതം ആയിരുന്നു.

## 1-5 വാർഷികപദ്ധതി

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ വാർഷികപദ്ധതിക്ക് 23.07.2022ലെ 2(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022ലെ ഉത്തരവ് നം.818981/ 21/ DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 29.01.2021-ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തു. പദ്ധതിരൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

### വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 29.01.2021 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 02.02.2021 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 05.02.2021-07.02.2021 |
| വികലാംഗ ഗ്രാമസഭകൾ, ഊരുകൂട്ടം | 10.02.21 |
| വികസനസെമിനാർ | 20.02.2021 |

### വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ആകെ 133 പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 98 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധഫണ്ടിനങ്ങളിലായി ആകെ102771456 രൂപ വകയിരുത്തിയതിൽ 46077883 രൂപ മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 45 ശതമാനം മാത്രമാണ്.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 133 | 98 | 102771456 | 46077883 | 45 |

### നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 3809635 | 3608487 | 94.72 |
| വെറ്ററിനറി സർജൻ | 6 | 6 | 3047400 | 1567050 | 51 |
| മെഡി.ഓഫീസർ, പി.എച്ച്.സി | 1 | 1 | 600000 | 599981 | 99.9 |
| മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ- | 10 | 10 | 43475912 | 13390340 | 31 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 7 | 7 | 5185786 | 4778917 | 92 |
| സെക്രട്ടറി | 36 | 26 | 14194529 | 9019150 | 64 |
| അസി.എൻജിനീയർ | 63 | 33 | 30232626 | 11017913 | 37 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 400000 | 400000 | 100 |
| അസി.സെക്രട്ടറി | 5 | 5 | 1135568 | 1031556 | 91 |
| ഹെഡ്മാസ്റ്റർ | 1 | 1 | 490000 | 464489 | 95 |
| ആകെ | 133 | 98 | 102771456 | 46077883 | 45 |

അസി.എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ -

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 63 പ്രോജക്ടുകളിൽ 26 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ആയതിൽ സ്പിൽ ഓവർപ്രോജക്ടുകൾ ഉൾപ്പെടെ 33പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും തൃപ്തികരമായരീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. റോഡ് വർക്കുകളിൽ ഒരേ റോഡ് തന്നെ ചെറിയ റീച്ചുകളായി വിഭജിച്ച് ഓരോന്നിനും പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് ടെൻഡർനടപടികളും പ്രത്യേകമായി നടത്തപ്പെടുന്നതിനാൽ കൂടുതൽ സമയവും മനുഷ്യദിനങ്ങളും നഷ്ടമാകുന്ന സാഹചര്യമാണുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇക്കാര്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.2021-22 വർഷം പുതുതായി 313 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർബജറ്റ്പ്രകാരം ആകെ 601പദ്ധതികൾ വിഭാവനം ചെയ്തതിൽ219പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 71പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 76973 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1232 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന്

മുൻഗണനനല്കി മണ്ണ്ജല സംരക്ഷണം, മഴക്കുഴി നിർമ്മാണം,തോടുകളും വാച്ചാലുകളും നവീകരണം. തരിശുഭൂമികളിൽ കൃഷിയോഗ്യമാക്കൽ ,കിണർ നിർമ്മാണം, കോഴിക്കൂട്, ആട്ടിൻകൂട് നിർമ്മാണം മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17.25 | 647665 | 647682 | 616822 | 30860 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 24872230 | 24872230 | 24872230 | 0 |
| | 17.25 | 25519895 | 25519912 | 25489052 | 30860 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| വാർദ്ധക്യകാലപെൻഷൻ | 28,840,500 | 2249 |
| കർഷകതൊഴിലാളി പെൻഷൻ | 61,90,600 | 394 |
| വിധവാപെൻഷൻ | 95,24,600 | 650 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 905,200 | 59 |
| വികലാംഗപെൻഷൻ | 4,202,200 | 269 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.2.23 തീയതിയിൽ 3.00 പി എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 51781 രൂപ ഡെ ബുക്ക് പ്രകാരം ഉണ്ടായിരുന്നതിൽ 48658/-രൂപ മാത്രമാണ് ക്യാഷ് നീക്കിയിരിപ്പായി പരിശോധനാ വേളയിൽ കാണപ്പെട്ടത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/4.3.23) പഞ്ചായത്തിൽ യുപിഐ പെയ്മെന്റ് , കാർഡ് പെയ്മെന്റ് സംവിധാനം ഇല്ലാത്തതിനാൽ 3123 രൂപ ഗൂഗിൾ പേയിലൂടെ ക്യാഷ്യർ സ്വന്തം അക്കൗണ്ടിലേക്ക് സ്വീകരിച്ചതായാണ് മറുപടിയായി ലഭിച്ചത്. തുക സ്വീകരിച്ചതിന് രസീത് നൽകുകയും തുക ബാങ്കിൽ അടവാക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. യുപിഐ പെയ്മെന്റ്, കാർഡ് പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി. പഞ്ചായത്ത് ഫണ്ടിലേക്ക് രസീത് മുഖേന പിരിക്കുന്ന തുകകൾ വ്യക്തിഗതമായി കാഷ്യറുടെ അക്കൗണ്ടിലേക്ക് സ്വീകരിക്കുന്നത് തികച്ചും തെറ്റായ നടപടിയാണ്. പഞ്ചായത്തിൽ നികുതിയും ഫീസും അടവാക്കാനെത്തുന്നവർക്ക് പണമൊടുക്കുന്നതിന് യുപിഐ സംവിധാനമോ കാർഡ് പെയ്മെന്റ് സംവിധാനമോ ഏർപ്പെടുത്താമെന്നിരിക്കേ ഓഡിറ്റ് വേളയിലും അത്തരം സൗകര്യങ്ങളൊന്നും പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല. രസീത് പിരിവുകൾക്കായി ആവശ്യമായ സംവിധാനങ്ങളൊരുക്കുകയും തെറ്റായ രീതിയിൽ പണം പിരിക്കുന്ന പ്രവണത അവസാനിപ്പിക്കുയും ചെയ്യേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെട്ട നിലയിൽ നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണം സ്ഥാപനത്തിന്റെ കാര്യക്ഷമതയ്ക്ക് അത്യാവശ്യമാണെന്നത് ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു.1.04.2022 മുതൽ ILGMS സംവിധാനമാണ്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ അപാകതകൾ ഇല്ലാതെ ഇടപാടുകൾ നടക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവ് വയ്ക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ ACRസൂക്ഷിയ്ക്കുന്നില്ല. സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും

പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.05.2021-04.05.2021 | 01.04.2020 മുതൽ 31.03.2021 | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2014 – 25/04/ | 2008/09 – 2012/13 | LBA(HQ)11/8A-2144/84 Dt 03/06/14 |

1-11 ഗ്രാമപഞ്ചായത്തിലെ ആംബുലൻസ് വരവ്--അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആംബുലൻസ് താത്ക്കാലിക ഡ്രൈവറെ ചുമതലപ്പെടുത്തി സർവീസ് നടത്തുന്നുണ്ട്. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാലഘട്ടത്തിൽ ഫീസ് ഈടാക്കിയും ഈടാക്കാതെയും സർവീസ് നടത്തിയിട്ടുണ്ട്. ഫീസ് ഈടാക്കുന്ന സന്ദർഭത്തിൽ രസീത് നൽകുന്നുണ്ടെങ്കിലും കളക്ഷൻ അതേ ദിവസം പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നില്ല. പല തീയതികളിലെ രസീത് തുകകൾ ഒന്നിച്ച് ചേർത്താണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നത്. ഏതെല്ലാം തീയതിയിലെ കളക്ഷൻ ആണ് ലഭിച്ചിരിക്കുന്നത് എന്നും ലഭിക്കാത്ത തുകകൾ എത്രയെന്നും വ്യക്തമല്ല. എന്നാൽ ചില ദിവസങ്ങളിലെ അടവാക്കലുകളിൽ കളക്ഷനേക്കാൾ കൂടുതൽ തുക അടവാക്കിയതായും കാണുന്നു. ഇതു സംബന്ധിച്ച എൻക്വയറി നം.23/02.03.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര സാഹചര്യങ്ങളിൽ ആശുപത്രിയിൽ രോഗിയെ എത്തിക്കുന്ന സന്ദർഭത്തിൽ ആംബുലൻസ് ചാർജ്ജ് പിന്നീടാണ് ലഭിക്കുന്നതെന്നും തുക ലഭിക്കുന്ന ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നും മറുപടി ലഭ്യമാക്കി.

01.07.2022 മുതൽ കൃത്യമായ രീതിയിൽ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. എല്ലാ യാത്രയ്ക്ക് മുൻപും യാത്രയ്ക്ക് ശേഷവും ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തേണ്ടതാണ്. രസീത് നമ്പർ, തുക, തീയതി എന്നിവ സഹിതം പഞ്ചായത്ത് ഫണ്ടിൽ തുക അടവാക്കിയതിന്റെ വിശദാംശം പണം ലഭിക്കുന്ന ദിവസം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിച്ച് തുടർ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 വസ്തുനികുതി-മടങ്ങിയ ചെക്കുകളുടെ തുക നിലവിലും ലഭ്യമായില്ല

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതിയിനത്തിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടയ്ക്കുവാനായ് ഡിമാൻറ് ചെയ്ത തുക താഴെപ്പറയുന്നവർ ചെക്കായി സമർപ്പിക്കുകയും ആയത് പഞ്ചായത്ത് ബാങ്കിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവരുടെ അക്കൌണ്ടിൽ ആവശ്യമായ തുകയില്ലാതിരുന്നതിനാൽ ബാങ്ക് ചെക്ക് മടക്കുകയുണ്ടായി. ഇതു കാണിച്ച് ടി കക്ഷികൾക്ക് പഞ്ചായത്ത് നോട്ടിസ് നൽകുകയും 7 ദിവസത്തിനുള്ളിൽ തുക അടച്ചില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി. എന്നാൽ തുക അടവാക്കിയില്ല. തുക തിരികെ ഈടാക്കുന്നതിന് നിയമനടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി 10/08/2021 ലെ 1-ാം നമ്പർ പ്രകാരം കമ്മിറ്റി തീരുമാനമെടുത്തിരുന്നു.

തുക ഈടാക്കാനുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. സൈമൺ എ. ജെ.,ആകശാലയിൽ- ചെക്ക് നം 119255(49282 രൂപ),

ചെക്ക് നം 119256(44492 രൂപ)

( കെട്ടിട നമ്പർ 2- 703A, 703B, 703C, 704)

2. ഷാജി പി എ, കുഴിക്കളത്തിൽ - ചെക്ക് നം 01027481(3176 രൂപ) തീയതി 30.03.2021

( കെട്ടിട നമ്പർ 10/591B,10/597,10597A)

മേൽ സൂചിപ്പിച്ചിട്ടുള്ളവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/3.3.23) തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീ സൈമൺ എന്ന വ്യക്തിയ്ക്ക് 10 തുല്യമാസ തവണകളായി അടയ്ക്കുവാൻ ബഹു.ജില്ലാ കളക്ടർ സാവകാശം നൽകിയിട്ടുണ്ടെന്നും ആദ്യ ഇൻസ്റ്റാൾമെന്റ് 16000 രൂപയുടെ ചെക്ക് വൈക്കം തഹസിൽദാറുടെ പക്കൽ നിന്നും 13/6/22 ൽ ലഭിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു. തുക ലഭ്യമാകുന്നുവെന്നും തുടർനിരീക്ഷണങ്ങൾ നടത്തി ഉറപ്പാക്കേണ്ടതാണ്. ശ്രീ.ഷാജി പി എന്ന ആളിൽ നിന്നും 3176/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അക്കൗണ്ടിൽ മതിയായ തുകയില്ലാതെ ചെക്ക് കൈമാറി പഞ്ചായത്തിനെ കബളിപ്പിച്ച വ്യക്തികളുടെ, മേൽ സൂചിപ്പിച്ച കെട്ടിട നമ്പരുകളുടെ നികുതി 2020-21 ലെ ചെക്ക് പ്രകാരം നൽകിയ തുകകൾ കളക്ഷനായാണ് കാണിക്കുന്നത്.(സഞ്ചയ കളക്ഷൻ പ്രകാരം). നിലവിൽ സഞ്ചയപ്രകാരം ടിയാളുകൾക്ക് 20-21 വർഷത്തെ തുകകൾ അടവാക്കാനായി അവശേഷിക്കുന്നില്ല. പ്രസ്തുത രസീതുകൾ കാൻസൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വീണ്ടും ഡിമാന്റാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വണ്ടി ചെക്ക് നൽകിയ വ്യക്തികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ തുക ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 അനധികൃത നിർമാണം-UA രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ ബ്രെഡ് ബാസ്കറ്റ് എന്ന സ്ഥാപനം കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പണിതിരിക്കുകയാണെന്നും അടിയന്തിരമായി അനധികൃത നിർമ്മാണം പൊളിച്ചുകളയുന്നതടക്കമുള്ള നിയമനടപടി സ്വീകരിക്കണമെന്നും 23/07/2021 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട 6 ആയി ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനമെടുത്തിരുന്നു. എന്നാൽ നിലവിൽ അനധികൃത നിർമാണ രജിസ്റ്ററിൽ ഈ കെട്ടിടം ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കെട്ടിടം 8/48 B എന്ന നമ്പരായി കുഞ്ഞുമോൻ സിറിയക് എന്ന വ്യക്തിയുടെ പേരിൽ അസസ്മെന്റ് നടത്തിയിട്ടുള്ളതാണെന്ന രേഖകൾ പ്രകാരം കാണുന്നു (2019 ആദ്യ പകുതി മുതൽ). പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ എടുത്ത നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/4.3.23) കെട്ടിട നിർമാണം BA(88686)/2018 പെർമിറ്റ് പ്രകാരം പൂർത്തിയാക്കി 4.10.19 ൽ കെട്ടിട നമ്പരിനായി അപേക്ഷ നൽകുകയും 8/48B, 8/48 C എന്നീ നമ്പരുകളായി നികുതി നിർണ്ണയം അസസ്മെന്റ് നടത്തുകയും ചെയ്തതാണെന്നും പിന്നീടാണ് അനധികൃത നിർമാണം കെട്ടിടത്തോട് കൂട്ടി ചേർത്തതെന്നും മറുപടി നൽകി. അനധികൃത നിർമാണം പൊളിച്ചു നീക്കാൻ നിർദേശം നൽകിയെങ്കിലും പൂർണമായി പൊളിച്ചു നീക്കിയിട്ടില്ലാത്തതാണെന്നും വൈക്കം മുൻസിഫ് കോടതിയിൽ കേസ് നടന്നു വരികയാണെന്നും മറുപടി ലഭിച്ചു. കെട്ടിട നിർമാണ ചട്ടങ്ങൾ ലംഘിച്ച് പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235എഎ പ്രകാരം UA നമ്പർ നൽകി മൂന്നിരട്ടി നികുതി വസ്തുനികുതിയായി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും കോടതി നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ അനധികൃത നിർമ്മാണങ്ങളുടെ വിവരം ചേർക്കുന്ന രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി-അപാകതകൾ

1.പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന

കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഓറഞ്ച് ഹൈപ്പർമാർട്ട് | II |
| 2 | വടയാർ ഇളങ്കാവ് ദേവസ്വം | II |
| 3 | ഇൻസ്റ്റാകാർട്ട് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 4 | എൽഎഫ് യുപി സ്കൂൾ പൊതി | I&II |
| 5 | ബിഎസ്എൻഎൽ | I&II |
| 6 | അക്ഷയ സെന്റർ | I |
| 7 | യൂണിമണി ഫിനാൻസ് സർവീസ് ലിമിറ്റഡ് | I |
| 8 | റൊമാന ഗ്രാനൈറ്റ്സ് | I |
| 9 | റിനൈ സോഫ്റ്റ് സൊല്യൂഷ്യൻസ് | I |
| 10 | ഹോട്ടൽ ഗോൾഡൻ പാർക്ക് | I&II |
| 11 | റബർ ബോർഡ് ഓഫീസ് | I&II |
| 12 | മുദ്ര മൈക്രോ ഫിനാൻസ് | I&II |
| 13 | ടോഡി ഷോപ്പ് പുത്തൻപാലം | I&II |
| 14 | പിഎപി വെജിറ്റബിൾസ് | I&II |
| 15 | കെഇ വെജിറ്റബിൾസ് | I&II |
| 16 | ഇന്ത്യൻ ഓയിൽ ഡീലർ പൊട്ടൻചിറ | I&II |
| 17 | ബിവ്കോ തലയോലപറമ്പ് | I&II |
| 18 | ഐസിഎം കംപ്യൂട്ടേഴ്സ് | I&II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/2.3.23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കെഎസ്ഇബി | I |
| 2 | ഡിഡിസി പ്രൈവറ്റ് ലിമിറ്റഡ് | II |
| 3 | എസ് ബി ഐ ചർച്ച് ജംഗ്ഷൻ തലയോലപറമ്പ് | I&II |
| 4 | വൈക്കം താലൂക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം.415 | I&II |
| 5 | ഇൻസ്റ്റാകാർട്ട് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | II |

| | | |
|---|---|---|
| 6 | ബിഎസ്എൻഎൽ | I&II |
| 7 | മുദ്ര മൈക്രോ ഫിനാൻസ് | I&II |
| 8 | ബിവ്കോ തലയോലപറമ്പ് | I&II |

മേൽ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/2.3.23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ലൈസൻസെടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടു.

I) പഞ്ചായത്തിന്റെ തന്നെ കെട്ടിടം വാടകയ്ക്കെടുത്തിട്ടുള്ള വ്യക്തികൾ ലൈസൻസെടുക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | കെട്ടിട നം.(രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | ആര്യ കെ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | പി.എ അഹമ്മദ് കുട്ടി | 2/575 |
| 3 | അബ്ദുൾ നാസർ | 2/579 |
| 4 | ഷെറീഫ ഇസ്മയിൽ | 2/580 |
| 5 | ടോമി ആന്റണി | 2/581 |
| 6 | പി.എ.ജോസഫ് | 2/877 |
| 7 | സുഹറ ഷെറീഫ് | രേഖപ്പെടുത്തിയിട്ടില്ല |
| 8 | ജയകുമാർ എംകെ | രേഖപ്പെടുത്തിയിട്ടില്ല |
| 9 | കെഎം.മുസ്തഫ | 1/545 |
| 10 | ജിമ്മി ജേക്കബ് | 2/668 |
| 11 | ദിലീപ് കുമാർ | 2/3 |
| 12 | അനിൽകുമാർ | 2/574 |
| 13 | ടിഎം ജോൺ | 1/548 |
| 14 | വിഎൻ രാജപ്പൻ | 2/680 |
| 15 | റസ്സാക്ക് | 2/576 |
| 16 | ത്യേസ്യാമ്മ ജോസഫ് | 2/669 |
| 17 | ശാന്തമ്മ ജോയി | 1/547 |
| 18 | കുഞ്ഞമ്മ തോമസ് | 2/669 |

കൂടാതെ പഞ്ചായത്തിൽ നിന്നും വിവിധ പ്രദേശങ്ങളിലെ ഇറച്ചി വ്യാപാരത്തിനായി ലേലം നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള വ്യക്തികളും ലൈസൻസെടുത്തിട്ടില്ലെന്ന രജിസ്റ്റർ പരിശോധിച്ച് ബോദ്ധ്യപെട്ടിട്ടുണ്ട്.

1. ഔസേപ്പ് സേവ്യർ

2. ബൈജു കെ മാത്യൂ

3. ഷെഫീക്ക്

4. സുബൈർ കോയ

മേൽ വ്യക്തികൾ ലൈസൻസെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനും അല്ലാത്ത പക്ഷം

ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നതിന് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/2.3.23) മറുപടിയായി ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്ത് കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ള കരാറുകാർ കരാർ പുതുക്കുന്നതിനായി സമീപിക്കുമ്പോൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം ലൈസൻസ് നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

li) പഞ്ചായത്തിന്റെ രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് കൊടുക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തി, സ്ഥാപനം | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ഷബീഷ് മുഹമ്മദ് | അഡൽട്ട് ഡയപ്പർ സ്റ്റോക്കിംഗ്, പാക്കിംഗ് |
| 2 | ഡെയ്സൺ പി.എം. | പേപ്പർ ബാഗ്, ക്ലോത്ത് ബാഗ് നിർമാണം, തയ്യൽ യൂണിറ്റ് |
| 3 | വൽസല ആർ മേനോൻ | ഡിടിപി സെന്റർ |
| 4 | മനീഷ കെ.എം. | തയ്യൽ യൂണിറ്റ് |
| 5 | ടി.ആർ. സന്തോഷ് | ഇലക്ട്രിക് സാധനങ്ങളുടെ വിപണനം |
| 6 | പി.ജെ.ജോസഫ് | ടീ ഷോപ്പ് |
| 7 | നിസാർ പി.ഇ | പച്ചക്കറി വ്യാപാരം |
| 8 | രവീന്ദ്രൻ പി. | മെത്ത വിൽപ്പന |
| 9 | ഷൈമോൻ പി.എം. | പലചരക്ക് സാധനങ്ങളുടെ വിൽപ്പന |
| 10 | ദിലീപ്കുമാർ എപി | തേയിലപ്പൊടി, കറിപ്പൊടി സ്റ്റോക്ക് ചെയ്ത് വിൽപ്പന |
| 11 | കെഎൻ ജയൻ | ടയർ വ്യാപാരം |
| 12 | മുഹമ്മദ് ബഷീർ | അജ്മി ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് |
| 13 | ആശിഷ് ബാക്ഷി | ധന്വന്തരി വൈദ്യശാല |
| 14 | രമ്യ തങ്കച്ചൻ | ബേക്കറി |
| 15 | ഷൈന കുമാരി | ബേക്കറി |
| 16 | ജസ്റ്റിൻ ജോസഫ് | മിനറൽ വാട്ടർ സ്റ്റോക്ക് ചെയ്ത് വിൽപ്പന |
| 17 | കെ.പി.ഗംഗാധരൻ നായർ | എണ്ണ പലഹാര നിർമാണം |
| 18 | ദിനേശ് കെ | ആയുർവേദ ക്ലിനിക് |
| 19 | ഷീല മണികണ്ഠകുമാർ | കല്ലുവെട്ടു മെഷിൻ സ്പെയർ പാർട്ട്സ് വ്യാപാരം |
| 20 | സിറാജ് വിഎസ് | ഫാൻസി ഓർണമെന്റ്സ് |
| 21 | റിയാസ് കെഎസ് | പിവിസി ഡോർ നിർമാണം |
| 22 | മനു ജോസഫ് | പച്ചക്കറി വ്യാപാരം |

മേൽ വ്യക്തികളുടെ ലൈസൻസ് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(18/2.3.23) മറുപടിയായി ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

പഞ്ചായത്തിന്റെ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെല്ലാം ലൈസൻസെടുത്ത് പ്രവർത്തിക്കുന്നെന്ന് ഉറപ്പാക്കേണ്ടതാണ്.

1-16 വാടക കുടിശിക

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ 39934 രൂപ കുടിശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ഈ കുടിശിക തുക ആരിൽ നിന്നുമാണ് ഈടാക്കേണ്ടതെന്ന് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിലില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (15/2.3.23) ഈടാക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ഈടാക്കാനവശേഷിക്കുന്ന വാടക കുടിശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ലേല തുകകൾ അടവാക്കിയില്ല

1. 2021-22 വർഷം വിവിധ ലേല ഇനങ്ങൾ മുൻ വർഷത്തെ തുകയുടെ 15 ശതമാനം വർദ്ധനവ് വരുത്തി നൽകുകയാണ് ചെയ്തത്. ഇത്തരത്തിൽ ലേലം ലഭിച്ച വ്യക്തികളിൽ താഴെ കൊടുത്തിരിക്കുന്ന കുത്തകക്കാർ തുക പൂർണ്ണമായും അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കുത്തക ഇനം | കുത്തകക്കാരൻ | ലേലത്തുക(ജിഎസ്ടി കൂടാതെ) | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | സൂപ്പർ സ്പെഷ്യാലിറ്റി ഫിഷ് മാർക്കറ്റ് ഫീസ് പിരിവ് | സുബൈർ കോയ, വേഴവേലിൽ | 70725 | 54525 |
| 2 | പടിഞ്ഞാറേ മീറ്റ് സ്റ്റാൾ(മാർക്കറ്റിനകത്ത്) | ഷെഫീക്ക്, കുറുപ്പംപറമ്പിൽ | 235668 | 154668 |
| 3 | വെളിത്തറ സസ്യമാർക്കറ്റ് | സെക്രട്ടറി, മർച്ചന്റ്സ് അസോസിയേഷൻ | 60750 | 60750 |

ലേലത്തുകകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/2.3.23) പലതവണ ആവശ്യപ്പെട്ടിട്ടും തുകകൾ അടവാക്കിയിട്ടില്ലെന്നും ലേലത്തുകകൾ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കാനവശേഷിക്കുന്ന ലേലത്തുകൾ നിയമാനുസൃത നടപടികളിൽകൂടി പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. മാർക്കറ്റ് വരവ്, സ്ലോട്ടർ ഹൗസ് വരവ് ഇനങ്ങളിൽ വലിയ തുകകൾ നിലവിലും കുടിശികയായി അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബി 15 ഷെഡ്യൂൾ പ്രകാരം കുടിശിക |
|---|---|---|
| 1 | മാർക്കറ്റ് രസീത് | 72528 |
| 2 | സ്ലോട്ടർ ഹൗസ് | 294869 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/2.3.23) ഈടാക്കാൻ അവശേഷിക്കുന്ന

തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് കുടിശിക ഈടാക്കുന്നതാണെന്ന് മറുപടി നൽകി. ഈടാക്കാനവശേഷിക്കുന്ന ലേലത്തുകകൾ പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 തടികൾ-ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ ഗവ.ആശുപത്രി -തേർവഴി റോഡിലെ 2 തേക്ക് മരത്തിന്റേയും കരിയർ ഡെവലപ്പ്മെന്റ് സെന്റർ കെട്ടിടം പണിയുന്ന സ്ഥലത്ത് നിൽക്കുന്ന ഒരു മഴ മരത്തിന്റേയും വാല്യുവേഷൻ ലഭിച്ചിട്ടുള്ളതായും ആയതിന്റെ ആദ്യ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർ ലേലം നടത്തുന്നതിനും 6.11.21 ലെ പഞ്ചയാത്ത് കമ്മിറ്റിയിൽ അജണ്ട3 ആയി തീരുമാനമെടുത്തിട്ടുള്ളതായും കാണുന്നു. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 ൽ ഈയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല. തടികൾ ലേലം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/4.3.23) 2 തവണ ലേലം ചെയ്തെങ്കിലും തുക കൂടുതലാണെന്നതിനാൽ ലേലം നടന്നില്ലെന്നും മൂന്നാമത് ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനമെടുത്തെങ്കിലും ആരോഗ്യവകുപ്പ് ടി സ്ഥലം ആരോഗ്യവകുപ്പിന്റെതാണെന്നും ലേല നടപടികൾ പഞ്ചായത്ത് സ്വീകരിക്കരുതെന്നും കത്ത് നൽകിയതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തതാണെന്നും മറുപടി നൽകി. ഇക്കാര്യം ഉറപ്പാക്കേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 വിനോദ നികുതി-തുകകൾ ലഭ്യമാകുന്നതിൽ കാലതാമസം

പഞ്ചായത്തിന്റെ വിനോദ നികുതി വരവ് പരിശോധിച്ചതിൽ 10622 രൂപ മാത്രമാണ് 2021-22 വർഷം ലഭിച്ചിട്ടുള്ളതെന്ന് കാണുന്നു. സ. ഉ. (കൈ) നം. 112/2019/തസ്വഭവ/31.08.2019 പ്രകാരം, വിനോദ നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകകൾ തൊട്ടടുത്ത മാസം 3-ാം തീയതിയ്ക്ക് മുമ്പായി പഞ്ചായത്തിൽ അടവാക്കണമെന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പരിശോധനയിൽ 1/22ൽ വിനോദനികുതിയിനത്തിൽ പിരിച്ച തുകയായ 69316 രൂപയും 2/22 ലെ തുകയായ 48261 രൂപയും 27.5.2022 ലാണ് പഞ്ചായത്തിന് ലഭിച്ചതെന്ന് കാണുന്നു, 3/22 ലെ തുകയായ 133529 രൂപ 18.7.2022 ലാണ് പഞ്ചായത്തിന് ലഭിച്ചത്. ഫൈനുകളൊന്നും കൂടാതെയാണ് തുകകൾ അടവാക്കിയിട്ടുള്ളത്.

നികുതിയിനത്തിൽ തുകകൾ യഥാസമയം ലഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/2.3.23) മറുപടി ലഭിച്ചില്ല. വിനോദ നികുതിയിനത്തിൽ ലഭ്യമാക്കേണ്ട തുകകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പഞ്ചായത്ത് ബസ് ടെർമിനൽ കോംപ്ലക്സ് നിർമാണം -വിശദാംശങ്ങൾ ലഭ്യമായില്ല

പഞ്ചായത്തിന്റെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ഭാഗികമായി പണി പൂർത്തിയായിട്ടുള്ളതാണ്. നിലവിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം ഈ ബിൽഡിംഗിന്റെ ഒന്നാം നിലയിലാണുള്ളത്. (കെട്ടിട നം. 10/657 A). ബസ് ടെർമിനൽ നിർമാണവും നടത്തിപ്പും ബിഒടി വ്യവസ്ഥയിൽ CIUDAD Builders Pvt Ltd എന്ന സ്ഥാപനത്തിന് 39 വർഷവും 11 മാസത്തേക്കുമായി നൽകിക്കൊണ്ട് 14.1.2010 ൽ കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് പരിശോധനയിൽ കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 28/03.03.2023 നൽകിയിരുന്നു.

1. നിലവിൽ ടെർമിനലിൽ പൂർത്തിയാക്കി ആയതിന്റെ കെട്ടിട നമ്പരുകൾ, മുറികളുടെ എണ്ണം, വസ്തു നികുതി ഈടാക്കുന്നുണ്ടോ എന്ന വിവരം.

2. കരാർ പ്രകാരം പഞ്ചായത്തിന് ലഭ്യമാക്കേണ്ട വിസ്തീർണ്ണത്തോടെയും സൗകര്യങ്ങളോടെയും പഞ്ചായത്ത് കാര്യാലയത്തിന് സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്നും, ഇനിയും കരാർ പ്രകാരം പഞ്ചായത്ത് കാര്യാലയത്തിന് ലഭ്യമാകേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിവരം.

3. ടെർമിനൽ നിർമാണം പൂർത്തിയാക്കുന്നതിന് കാലാവധി നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിൽ

വിശദാംശങ്ങൾ.

4. ടെർമിനൽ നിർമാണത്തിലൂടെ പഞ്ചായത്തിന് എന്തൊക്കെ വരുമാനമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നും ആയത് നിലവിൽ ലഭ്യമാകുന്നുണ്ടോ എന്നുമുള്ള വിവരം.

5. ബസ് ടെർമിനൽ കോംപ്ലക്സിന്റെ പെർമിറ്റ് വിവരങ്ങൾ ഫയൽ എന്നിവ.

ഓഡിറ്റ് അന്വേഷണത്തിന് (28/3.3.23) ഷോപ്പിംഗ് കോംപ്ലക്സിൽ 14 മുറികൾ നമ്പരിട്ടിട്ടുണ്ടെന്നും പഞ്ചായത്ത് മീറ്റിംഗ് ഹാൾ പണിയുന്നതിന് 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തിയായതിന് ശേഷം 1 ലക്ഷം രൂപ എല്ലാ വർഷവും പഞ്ചായത്തിന് നൽകുന്നതിന് കരാർ പ്രകാരം വ്യവസ്ഥയുണ്ടെന്നും മറുപടി നൽകി. പഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെയും ബസ് ടെർമിനലിന്റെയും നിർമാണം നിലവിലും തുടരുന്നതായാണ് കാണുന്നത്. പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള കമ്പനിയുമായുള്ള കരാർ പ്രകാരം നിശ്ചിത കാലയളവിൽ തന്നെ നിർമാണം പൂർത്തിയാക്കുന്നതിനും ലഭ്യമാകേണ്ട വരുമാനം പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കരാർ പ്രകാരം ലഭിക്കേണ്ട സൗകര്യങ്ങൾ നേടിയെടുക്കുന്നതിനും പഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്-.

## 1-21 വിനോദ നികുതി സെസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 1802292 രൂപയുടെ ബാദ്ധ്യത

2021-22 വർഷത്തെ വാർഷികകണക്കുകളിലെ ബി-9 ഷെഡ്യൂൾപ്രകാരം (ശീർഷകം നം.350400107) വിനോദ നികുതി സെസ് ഇനത്തിൽ പിരിച്ചിട്ടുള്ള1802292 രൂപ തിരിച്ചടയ്ക്കുവാൻ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുള്ളതായി കാണുന്നു. പ്രസ്തുത തുക 03.08.2016 മുതൽ 09.08.16 വരെയുള്ള കാലയളവിൽ പിരിച്ചിട്ടുള്ളതാണെന്നും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വേണ്ടിവന്ന അധിക ചെലവ് മൂലം ഫണ്ടിന്റെ അപര്യാപ്തത നേരിട്ടതുകൊണ്ടാണ് തിരിച്ചടയ്ക്കാത്തതെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും ഇത്രയും വലിയ തുക പഞ്ചായത്തിന് ബാദ്ധ്യതയായി അവശേഷിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 തനത് ഫണ്ടിൽ നിന്നും വലിയ തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു

സ.ഉ.(എം.എസ്) നം.362/13 തീയതി 16-11-13 പ്രകാരം പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കും അടിയന്തിര പ്രവൃത്തികൾക്കും പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചതിനുശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിക്ക് വക കൊള്ളിക്കേണ്ടത്. മുൻ സാമ്പത്തിക വർഷം പദ്ധതിക്കു വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ, അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പഞ്ചായത്തിന്റെ ഓഡിറ്റ് ചുമതലയുള്ള പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നും സാക്ഷ്യ പത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്.എന്നാൽ 2021-22 വർഷം ഇപ്രകാരം ഒരു സാക്ഷ്യപത്രം വാങ്ങിയതായി കാണുന്നില്ല.2021-22 സാമ്പത്തിക വർഷം തനത് ഫണ്ടിനത്തിൽ വകയിരുത്തിയത് 4016279/- രൂപയാണ്. തനത് ഫണ്ടിൽ നിന്നും 2512822/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

### പദ്ധതികൾക്ക് വേണ്ടി സ്ഥിരനിക്ഷേപം പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനിയർ 21-22 വർഷം നിർവ്വഹണം നടത്തിയതും തനത്ഫണ്ട് വകയിരുത്തിയതുമായ 11 പ്രോജക്ടുകൾക്ക് ചെലവു തുക കണ്ടെത്തിയത് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം പിൻവലിച്ചാണ് എന്ന് വാർഷികകണക്കുകളുടെ പരിശോധനയിൽ വ്യക്തമാകുന്നു. പതിനൊന്ന് പ്രോജക്ടുകൾക്കായി 1991953രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 1

കോടി 10 ലക്ഷം രൂപയിലധികവും, 20-21 സാമ്പത്തിക വർഷം 82.1 ലക്ഷം രൂപയും സർക്കാർ ഗ്രാന്റിനം തുകകൾ ചെലവഴിയ്ക്കാൻ സാധിക്കാതെ ഗ്രാമപഞ്ചായത്തിന് നഷ്ടമായ സാഹചര്യം നിലനിൽക്കുമ്പോഴാണ് തനത് ഫണ്ട് വകയിരുത്തുകയും സ്ഥിരനിക്ഷേപം പിൻവലിച്ച് തുക കണ്ടെത്തിയതും.ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 29/03.03.23)2019-20, 2020-21 വർഷം തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകൾ ആ വർഷങ്ങളിൽ നടപ്പാക്കാത്തതിനാലും ജി എസ് റ്റി വിഹിതം ലഭ്യമാകാഞ്ഞതിനാലുമാണ് സ്ഥിരനിക്ഷേപം പിൻവലിച്ച് കരാറുകാർക്ക് തനത്ഫണ്ടിൽ നിന്നും തുക നൽകിയതെന്ന് മറുപടി ലഭ്യമാക്കി. വിവിധ സ്രോതസ്സുകളിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമായിരിക്കെ, അതുപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാതെ തനത്ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ വികസന പദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 എം ജി എൻ ആർ ഇ ജി എസ് ഓഫിസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും തനത് ഫണ്ട് ചെലവഴിച്ച് വാങ്ങി- സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പഞ്ചായത്തിലെ എം ജി എൻ ആർ ഇ ജി എസ് ഓഫിസിലേക്ക് തനത് ഫണ്ടിൽനിന്ന് 55,956/-രൂപ ചെലവഴിച്ച് (വൗച്ചർ നം-22100610/28.10.21,ചെക്ക് നം-567813/26.10.21) കമ്പ്യൂട്ടർ, പ്രിന്റർ, 5 പോർട്ട് സ്വിച്ച് എന്നിവ ഐ ടി ഗാലറി പെരുവ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി നൽകിയിട്ടുണ്ട്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള സി പി ആർ സി എസ് മുഖേന വാങ്ങാൻ പാടുള്ളൂ എന്ന് 18.03.2019 ലെ ഐ .ടി സെൽ-1/26/2019/വി . സ. വ . നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം-37/04.03.23) ലഭിച്ച മറുപടിയിൽ ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടുന്ന സാഹചര്യത്തിലാണ് അടിയന്തിരമായി വാങ്ങിയതെന്നും തുക റീക്കൂപ്പ് ചെയ്തിട്ടില്ലെന്നും മറുപടിയിൽ അറിയിച്ചു. സി പി ആർ സി എസ് മുഖേനയായിരിക്കണം വാങ്ങലുകൾ നടത്തേണ്ടത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവഴിച്ച 55,956/-രൂപ ഫണ്ട് ലഭ്യമാകുന്ന മുറയക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 10/22, ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 6/17.02.2022 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2,00,000/- രൂപ മേൽപ്പറഞ്ഞ ബില്ല് പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.എൽ.എഫ്.1587/13.01.2023 പ്രകാരം 1,17,376/- രൂപയുടെ മരുന്നാണ് ലഭ്യമായത്. 82,624/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതിലേക്കായി 82,624/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 മഴക്കാല പൂർവ്വശുചീകരണം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും 150000/-രൂപ 23.10.2021ലെ 243/ഡി/2021/എസ് .എം ( കെ റ്റി എം 2021-22) നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. 14 വാർഡുകളിലും മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനത്തങ്ങളിൽ ഉൾപ്പെടുത്തി മരാമത്ത് സ്വഭാവുള്ള (പൈപ്പ് സ്ഥാപിക്കൽ, മണ്ണിട്ട് ഉയർത്തൽ ) പ്രവൃത്തികളും ജെ സി ബി യുടെ വാടക ചാർജ്ജിനത്തിലും (ഓടക്ലീനിംഗ്, മാലിന്യ നിർമ്മാർജനം) ആണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് വൗച്ചർ പരിശോധനയിൽ വ്യക്തമാകുന്നു.പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ 22.01.2018 ലെ 17/DC1/2018 തസ്വഭവ, 28.04.2018 ലെ 233/DC1/2018 എന്നീ സർക്കുലറുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം ഓരോ വാർഡിലും വാർഡുതല ശുചിത്വകമ്മറ്റി രൂപീകരിച്ച് യോഗംചേരേണ്ടതും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് മാപ്പിംഗും വാർഡുതല കർമ്മപരിപാടികളും ആസൂത്രണം ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനരേഖ തയ്യാറാക്കി അംഗീകാരം വാങ്ങിയതിന്റെയോ ആയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ സ്ക്വാഡുകൾ പ്രവർത്തനം നടത്തുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയക്ക് ലഭിച്ചിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം വാർഡുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡുതല ശുചിത്വകമ്മറ്റി അവലോകനം ചെയ്ത് പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെയും രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്തു തലത്തിൽ അവലോകനസമിതിയുടെ യോഗം ചേർന്നതിന്റെയും വിവരങ്ങൾ ലഭ്യമായിട്ടില്ല. എല്ലാ വാർഡുതല ശുചിത്വ കമ്മറ്റികളുംവാർഡ് മെമ്പർ ചെയർമാനും ജെ പി എച്ച് എൻ കൺവീനറുമായ അക്കൗണ്ടുകൾ ആരംഭിക്കേണ്ടതും ശുചീകരണ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക ടി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്. ഇപ്രകാരം വാർഡുതല ശുചിത്വകമ്മറ്റികൾ അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ തുക കൈമാറി നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല പകരം പഞ്ചായത്തിൽ നിന്നും നേരിട്ട് തുക ചെലവഴിച്ചിരിക്കുന്നു. 5ാം വാർഡിൽ തൻവർഷം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ചെലവ് രേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-26/4.3.23) ലഭിച്ച മറുപടിയിൽ വാർഡ്തല ശുചിത്വസമിതികൾ രൂപികരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ലെന്നും ശുചീകരണ പ്രവൃത്തികൾ നടന്ന സമയത്ത് കോവിഡ് രണ്ടാം ഘട്ടം ആരംഭിച്ചതിനാൽ ആരോഗ്യവിഭാഗം ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിന് പ്രയാസം നേരിട്ട സാഹചര്യത്തിലാണ് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ നടത്തിയതെന്നും 5ാം വാർഡിൽ സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിനാലുംമാണ് തുക ചെലവഴിക്കാതിരുന്നതെന്നും മറുപടിയിൽ അറിയിച്ചു. ശുചീകരണപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക മരാമത്ത് പ്രവർത്തികൾക്ക് ചെലവഴിച്ചത് ക്രമപ്രകാരമല്ല. പരാമർശിച്ചിട്ടുള്ള പ്രവർത്തികൾ പഞ്ചായത്ത് മരാമത്ത് വിഭാഗവുമായി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് വാർഡുതല ശുചിത്വ കമ്മറ്റികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമായിനടപ്പിലാക്കുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് ഭരണ സമിതിയും തുടർവർഷങ്ങളിൽ ശ്രദ്ധപുലർത്തേണ്ടതാണ്.

1-26 സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽനിന്ന് നൽകിയ ഹോണറേറിയം തിരികെലഭിച്ചില്ല.

പഞ്ചായത്തിലെ സാക്ഷരതാ പ്രേരക്മാരായ ശ്രീമതി സുശീല പി, അനില സത്യൻ എന്നിവർക്ക് 12/2020 മുതൽ 03/2021 വരെയുള്ള ഓണറേറിയമായി 47960/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് (വൗച്ചർ നം 2100064/26.04.21, 22100065/26.04.21, 22100141/1.6.21,22100142/1.6.21) . 26.02.21 ലെ

സ.ഉ (സാധാ)നം.626/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ ,പിന്നീട് തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകാമെന്ന വ്യവസ്ഥയോടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നത്. പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-34/4.03.23) ലഭിച്ച മറുപടിയിൽ തുക സാക്ഷാരതാ മിഷനിൽനിന്ന് തിരികെ ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടന്ന് നിർവ്വഹണഉദ്യോഗസ്ഥൻമറുപടിയിൽ അറിയിച്ചു. തുക തിരികെ ലഭ്യമാകുന്ന മുറയക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കുട്ടിവിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 പെറ്റി വർക്കുകൾ -നടപടിക്രമങ്ങൾ പാലിച്ചില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം വിവിധ പെറ്റിവർക്കുകൾക്കായി തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദമായ എസ്റ്റ്മേറ്റ്, സാങ്കേതികാനുമതി, ഭരണാനുമതി, മൂല്യനിർണ്ണയ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ പരിശോധനയിൽ ലഭ്യമായില്ല. പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ, അടിയന്തിരസാഹചര്യത്തിലോ ആണ് പെറ്റി വർക്കുകൾ നടത്തുന്നത്. ഗ്രാമപഞ്ചായത്തിൽ അടിയന്തിര ഘട്ടങ്ങളിൽ 10000 രൂപ വരെയുള്ള റിപ്പയർ വർക്കുകൾ തനത് ഫണ്ട് ഉപയോഗിച്ച് ഡിപിസിയുടെ മുൻകൂർ അനുമതിയില്ലാതെ അസി എൻജിനിയറുടെ സാങ്കേതിക അനുമതിയോടു കൂടി ചെയ്യാവുന്നതാണെന്നും പിന്നീട് ഡിപിസിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും39957/ ഡി ബി/2009 തസ്വഭവ തീയതി 08/08/2009 നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തിയതിന് വിശദീകരണംലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-27/04.3.23) ലഭിച്ച മറുപടിയിൽ അടിയന്തിരസാഹചര്യവും ഭരണസമിതിയുടെ നിർദ്ദേശ പ്രകാരവുമാണ് പ്രവൃത്തിനടത്തിയതെന്ന് അറിയിച്ചു. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൻവർഷം നടത്തിയ പെറ്റി വർക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഉദ്ദേശ്യം | വൌച്ചർനമ്പർ/ ചെക്ക് നമ്പർ | ചെലവഴിച്ച തുക | അപാകത |
|---|---|---|---|---|
| 1 | 12.01.2021 ലെ 4(3) നമ്പർ തീരുമാന പ്രകാരം മിനി എം സി ഫിന് ചുറ്റുമുള്ള മാലിന്യം സ്വകാര്യവ്യക്തിയുടെ പറമ്പിലേക്ക് നീക്കം ചെയ്ത് പൂഴിമണ്ണിട്ട് നികത്തുന്നതിന് 10 ലോഡ് പൂഴി @3500/- | 2210023/24.06.21 567161/24.06.21 22100405/26.08.21 567533/26.08.21 | 21000/- 14000/- | എസ്റ്റിമേറ്റ്, എ ഇ യുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല. |
| 2 | പഞ്ചായത്തിലെ കംഫർട്ട് സ്റ്റേഷൻ, ഗോഡൌൺ മിനി എം സി എഫ് എന്നിവയുടെ | 22100938/21.01.22 568465/19.01.22 | 120000/- | എസ്റ്റിമേറ്റ്, എ ഇ യുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല. |

| | | | | |
|---|---|---|---|---|
| | പരിസരത്ത് കൂടി കിടന്നിരുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് | | | |
| 3 | പഞ്ചായത്തിലെ വി ഇ ഒ ഓഫീസ്, എൻ ആർ ഇ ജി എസ് ഓഫീസ് ഷീറ്റ് മാറ്റി മെയിന്റനൻസ് ചെയ്യുന്നതിന് | 22100598/22.10.21<br>567806/21.10.21 | 28072/- | എസ്റ്റിമേറ്റ്, എ ഇ യുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഇല്ല. |
| 4 | ഇളങ്കാവ് യു പി സ്കൂളിൽ ഇലക്ട്രിഫിക്കേഷൻ | 22100852/29.12.21<br>568365/28.12.21 | 19779/- | എസ്റ്റിമേറ്റ്, എ ഇ യുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 5 | പഞ്ചായത്തിലെ വസ്ത്ര നിർമ്മാണ യൂണിറ്റിന് ടൈൽ വിരിക്കൽ | 22100804/15.12.21<br>31961/14.12.21 | 8713/- | എസ്റ്റിമേറ്റ്, എ ഇ യുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഇല്ല. |
| | | | 211,564/- | |

1-28 ആശ്രയ പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് | 20/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ, ഫണ്ട് | 400000 വികസനഫണ്ട് എസ് സി പി |
| ചെലവ് | 400000<br>ബിൽ നമ്പർ- 455609/20.09.21 |

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 400,000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ 40541101027660 നമ്പർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. മുൻവർഷങ്ങളിൽ നൽകിയ തുകകളുൾപ്പെടെ 3688091രൂപ വികസനഫണ്ട് സി ഡി എസിന്റെ അക്കൗണ്ടിൽ ബാലൻസുണ്ട്. നിലവിൽ ചലഞ്ച് ഫണ്ട് ലഭിക്കാത്തതിനാൽ 1292961 രൂപ ഭക്ഷണകിറ്റ് വിതരണത്തിനായി ഉപയോഗിച്ചിട്ടുണ്ട് തുക ചെലവഴിക്കാത്ത പക്ഷം തിരികെ അടയ്ക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഒരു വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. സിഡിഎസ് അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തുകയുടെ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ പ്രോജക്ടിനായി 2021-22 ൽ ചെലവഴിച്ച 4,00,000രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 )-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുനഃചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ( ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യം ശേഖരിക്കൽ , കയറ്റി അയയ്ക്കൽ - അപാകതകൾ

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ15വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്ത് രേഖാമൂലം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ക്ലീൻ കേരള കമ്പനി ഗ്രാമ പഞ്ചായത്തിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തയ്യാറായില്ല.
അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതിന് ഓഡിറ്റ് വർഷം ശ്രീ. കെ.ഇ നജീബ് എന്ന സ്വകാര്യ വ്യക്തിയ്ക്ക് 120000/-(പ്രോജക്ട് നം- 171/22) രൂപ നൽകിയിട്ടുണ്ട്.

മേൽ പ്രകാരം മാലിന്യം കയറ്റി അയച്ചതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ശേഖരിച്ചെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ ഏറ്റെടുത്ത സ്വകാര്യ വ്യക്തിയ്ക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ

സ്ഥാപനങ്ങളിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

2) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമപഞ്ചായത്തിൽ 2019-20-ൽ 26 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിലും 26പേർ ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചു വരുന്നു. ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് എല്ലാ ചെലവുകളും നടത്താൻ കഴിയുന്നുണ്ട്. ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമപഞ്ചായത്തിൽ ലഭ്യമാണെങ്കിലും വാഹന ഉപയോഗവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ എം.സി.എഫ് നിലവിൽ പ്രവർത്തിയ്ക്കുന്നത് യാതൊരു സൌകര്യവും ഇല്ലാത്ത ഒരു ചെറിയ കെട്ടിടത്തിലാണ്. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിയ്ക്കുന്നതിനായി ഓഡിറ്റു വർഷം 192/22 നമ്പർ പ്രോജക്ടുപ്രകാരം 42 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനായി നടപടികൾ സ്വീകരിക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത്, ഓഡിറ്റ് പരാമർശിച്ച പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-30 അങ്കണവാടി നിർമ്മാണം -തുടർനടപടികൾ സ്വീകരിയ്ക്കുന്നതിൻ കാലതാമസം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് അങ്കണവാടി നം 140(വാർഡ് 12) നിർമ്മാണത്തിന് എം ജി എൻ ആർ ഇ ജി എസ് വിഹിതം 5 ലക്ഷം രൂപയും കേന്ദ്രസംസ്ഥാന സർക്കാർ വിഹിതം 2 ലക്ഷം രൂപയും 60:40 അനുപാതത്തിലും ബാക്കി തുക (3 ലക്ഷം)പഞ്ചായത്ത് വകയിരുത്തേണ്ടതാണെന്നും അപ്രകാരം വകയിരുത്തി പഞ്ചായത്ത് തീരുമാനം നൽകണമെന്നും 28/12/2021ലെ ഐസിഡിഎസ്/കെ.ഡി.വൈ /712/2021 നം കത്ത് മുഖേന സി ഡി പി ഒ അറിയിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് എം ജി എൻ ആർ ഇ ജി എസ് വിഹിതം 5 ലക്ഷം രൂപയും കേന്ദ്രസംസ്ഥാന സർക്കാർ വിഹിതം 2 ലക്ഷം രൂപയും തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൻറെ വിഹിതമായി 3 ലക്ഷം രൂപയും കൂടി വകയിരുത്തി ആകെ അടങ്കൽ 10 ലക്ഷം രൂപ വരുന്ന പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതിയിൽ കേന്ദ്ര/സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന തുക അനുവദിക്കുന്നതിന് ബഹു. വനിതാ ശിശുവികസന വകുപ്പ് ഡയറകടറോട് അഭ്യർത്ഥിച്ചും പഞ്ചായത്ത് കമ്മിറ്റി യോഗം അംഗീകരിച്ച് തീരുമാനിച്ചിരുന്നു. (12.01.2022) എന്നാൽ സൈറ്റുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നില നിൽക്കുന്നതിനാൽ ടി തുക 138-ാം നമ്പർ അങ്കണവാടി നിർമ്മാണത്തിന് വിനിയോഗിയ്ക്കുന്നതിനായി തീരുമാനിച്ചു. 140നമ്പർ അംഗൻ വാടി കൂടുതൽ ഫണ്ട് വകയിരുത്തി സ്മാർട്ട് അങ്കണവാടിയായി നിർമ്മിയ്ക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഓഡിറ്റ് കാലയളവ് വരെ(3/2023) രണ്ട് അംഗൻ വാടികളുടെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. ലഭ്യമായ ഫണ്ട് നഷ്ടപ്പെടുത്താതെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണ വാടികളുടെ കെട്ടിടനിർമ്മാണത്തിനായി പ്രയോജനപ്പെടുത്തേണ്ടതാണ്. കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-31 ലാപ് ടോപ്പ് -ജെം മുഖേനെയുള്ള വാങ്ങൽ - നടപടി ക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 91/2022<br>സർക്കാർ സ്കൂളിലേയ്ക്ക് ലാപ് ടോപ്പ് -പ്രിന്റർ വാങ്ങൽ |
| അടങ്കൽ | 490000 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| ഫണ്ട് | സി എഫ് സി |
| ചെലവ് | 464489 |
| ബിൽ നം. തീ. | 7/26.03.2022 |

മേൽ സൂചിത പ്രോജക്ട് പ്രകാരം 'ജെം മുഖേനെയുള്ള വാങ്ങലിൽ' സർക്കാർ സ്കൂളുകൾക്ക് ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്. 250000 രൂപയ്ക്ക് മുകളിലും 5 ലക്ഷം രൂപ വരെയുള്ള വാങ്ങലുകളിൽ മൂന്ന് ബ്രാന്റുകളുടെ Comparision Statement ലഭ്യമാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് (L1,L2,L3). പ്രസ്തുത Statement പ്രോജക്ട് ഫയലുകളിൽ ഹാജരാക്കിയിരുന്നില്ല. സൂചിത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (7/1.03.2023) കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ എല്ലാ വാങ്ങലു കളും സർക്കാർ നിർദ്ദേശപ്രകാരം നടപ്പാക്കേണ്ടതാണ്. 03.03.2023 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ലഭ്യമാക്കിയ എല്ലാ ലാപ്ടോപ്പുകളും പ്രവർത്തനക്ഷമമല്ല എന്ന് ഹെഡ്മിസ്ട്രസുമാർ അഭിപ്രായപ്പെട്ടു. ലാപ്ടോപ്പുകൾ യഥാസമയം വിനിയോഗിക്കാത്തതിനാൽ ആണ് ഇപ്രകാരം പ്രവർത്തന രഹിതമാകുന്നത്. ആയതിനാൽ ആവശ്യകത ഉറപ്പാക്കി വാങ്ങൽ നടത്തുന്നതിന് നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-32 പൊതുശൗചാലയം നിർമ്മാണം- നാളിതുവരെ പൂർത്തിയക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 107/22 |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 594167 തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 98612, ചെക്ക് നമ്പർ 248472/25.02.22 |

ഗ്രാമപഞ്ചായത്തില് പൊതുശൗചാലയം നിർമ്മിക്കുന്നതിനായി 2018-19 വർഷം 1320000രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ട് 2021-22 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി കെട്ടിടത്തിന്റ സ്ട്രക്ച്ചർ പൂർത്തീകരണം നടത്തിയിട്ടുണ്ട്. ടോയ്ലെറ്റ് സമുച്ചയത്തിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ ടി എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നില്ല. കൂടാതെ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ്, ജലലഭ്യത തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പൊതുശൗചാലയം പൂർത്തീകരണം രണ്ടാംഘട്ടത്തിനായി 2020-21 വർഷം 300000രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ട് 2021-22വർഷവും നടപ്പായില്ല. ഇതു കൂടാതെ പൊതുശൗചാലയം പൂർത്തീകരണം മൂന്നാംഘട്ടത്തിനായി 1600000രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ടും നടപ്പായില്ല. സ്ഥലപരിശോധനയിൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല എന്ന് ബോധ്യപ്പെട്ടു. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് സമഗ്രമായി ആവിഷ്കരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (40/05.03.23) മറുപടി ലഭ്യമായില്ല. തുടർനടപടികൾ സ്വീകരിച്ച് ടോയ് ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്. ആയതുവരെ 98612/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-33 കരിപ്പറം -കലയത്തുംകുന്ന് റോഡ് റീടാറിങ്ങ്- നിർമ്മാണത്തില അപാകത പരിഹരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 47/22, |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 773232 മെയിന്റൻസ് ഫണ്ട് |
| ചെലവ് | 747860 |
| കരാറുകാരൻ | ശ്രീ. ബാബു ഒ എം |
| ബിൽ നമ്പർ | 297/30.03.2022 |

മേൽ റോഡ് പുനരുദ്ധാരണത്തിന് ശേഷം സീൽ കോട്ടിന് കേടുപാടുകൾ വന്നിട്ടുണ്ടെന്നും റോഡിന് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും ആയത് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് 23/07/22ൽ അസിസ്റ്റന്റ് എഞ്ചിനിയർ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നിലവിലും അപാകത പരിഹരിച്ചില്ലെന്ന് 3/3/23ൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. അപാകതകൾ പരിഹരിക്കാത്ത കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നവാശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(30/03.03.23) അപാകതകൾ പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ പ്രോജക്ടിന്റെ ചെലവായ 747860 രൂപ തടസ്സപ്പെടുത്തുന്നു.

### 1-34 ജൽ ജീവൻ മിഷൻ പദ്ധതി -പൂർത്തീകരണം അവസാന ഘട്ടത്തിൽ-വെള്ളക്കരത്തിൽ വൻതുക ബാധ്യത

എല്ലാ ഗ്രാമീണ കുടുംബങ്ങളിലും 2024 ഓടെ കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തിൽ ബഹു. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരിന്റേയും പ്രാദേശിക സർക്കാരുകളുടേയും പങ്കാളിത്തത്തോടെ

നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും 2020/21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5,38,000 രൂപ(അഞ്ച് ലക്ഷത്തി മുപ്പത്തിയെണ്ണായിരം രൂപ) വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (2-1/3/2023) ജൽ ജീവൻ മിഷൻ 95ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 142288/- രൂപ വീതം കുടിവെള്ള ടാപ്പുകളുടെ കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് തുക നൽകുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വാട്ടർ ടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് കമ്മിറ്റി തീരുമാനിച്ചിരുന്നുവെങ്കിലും നാളിതുവരെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയതായി കാണുന്നില്ല.
ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി അതനുസരിച്ച് വെള്ളക്കരം ക്രമീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടാകുന്ന പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

### 1-35 സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ക്ഷീരവികസനഓഫീസർ |
| പ്രോജക്ട് നം | 28/22 പാലിന് സബ്സിഡി |
| അടങ്കൽ/ചെലവ് | 400000/-രൂപ (വികസനഫണ്ട്, ജനറൽ) |
| ബിൽ നം. | 05/21.12.21,06/21.12.21 |

ഗ്രാമപഞ്ചായത്തിലെ മൂന്ന് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് മാസാടിസ്ഥാനത്തിലുള്ള പാൽ അളവിനു ആനുപാതികമായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുള്ളത്. തലയോലപറമ്പ് മിൽക്ക് സൊസൈറ്റി നം കെ 55(എ) APCOS ൽ പാൽ അളക്കുന്ന പത്മനാഭൻ, പടിഞ്ഞാറേശേരി എന്ന ഗുണഭോക്താവിന്റെ സബ്സിഡി തുക 760/-രൂപ ട്രഷറി ബിൽ പ്രകാരം അക്കൗണ്ടിൽ (അക്കൗണ്ട് നം- 405041101034819) ക്രഡിറ്റ് ചെയ്തിട്ടില്ല. ട്രഷറി ബില്ലിൽ അക്കൗണ്ട് നമ്പരിന് പകരം ഗുണഭോക്താവിന്റെ വീട്ടുപേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി ഗുണഭേകതാവിന്റെ സബ്സിഡി തുക ക്രഡിറ്റ് ചെയ്തതിന്റെ രേഖ ഹാജരാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-/4/03.23) മറുപടി ലഭിച്ചില്ല. സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽക്രഡിറ്റ് ചെയ്തരേഖ ഹാജരാക്കേണ്ടതാണ്.

### 1-36 ലൈഫ് ഭവനനിർമ്മാണപദ്ധതി-മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയക്കിയിട്ടില്ല

ലൈഫ് ഭവനനിർമ്മാണപദ്ധതിക്കായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയക്കിയിട്ടില്ല

| ഗുണഭോക്താവിന്റെ പേര് | മുൻകൂർ കൈപ്പറ്റിയ തുക |
|---|---|
| രജനി ധർമ്മജൻ, വാർഡ് 9 | 40000 |
| മോഹനൻ സിസി വാർഡ് 12 | 40000 |
| പങ്കജവല്ലി വാർഡ് 13 | 40000 |
| യമുനകൃഷ്ണൻകുട്ടി വാർഡ് 11 | 40000 |

| | |
|---|---|
| നളിനി ഷാജി വാർഡ് 13 | 40000 |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്റ്റേജ്, പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിനുള്ള (25/02.03.22 ) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പണി നടന്നുവരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന വിവരം കൃത്യമായി നിരീക്ഷിക്കേണ്ടതാണ്. പണിപൂർത്തീകരിക്കാത്ത പക്ഷം തുക 18% പലിശ സഹിതം സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-37 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തണമെന്ന കമ്മറ്റിതീരുമാനം നടപ്പാക്കിയില്ല

1.ഗ്രാമപഞ്ചായത്തിലെ വിവിധ നടപ്പാതകൾ /റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ വാർഡുകളിൽ കാലങ്ങളായി പൊതുവഴിയായി ജനങ്ങൾ ഉപയോഗിച്ച് വരുന്നതും എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 80 വഴികളും നടപ്പാതകളും പരിപാലിക്കേണ്ടതും പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിനായി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം റവന്യൂ അധികൃതരെ അറിയിക്കുന്നതിനും 5/10/21 ലെ പഞ്ചായത്ത് യോഗം തീരുമാനിച്ചിരുന്നു. ടി തീരുമാനം നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/02.03.2023) ഓരോ വഴികളുടെ നീളം വീതി എന്നിവ കൃത്യമായി തിട്ടപ്പെടുത്തേണ്ടതിനാലാണ് താമസം വന്നതെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

2.പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന ഭൂമിയുൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ പേരിൽകൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന വടയാർ വില്ലേജിലെ റീസർവ്വേ നടപടികൾ ഏകദേശം പൂർത്തിയായി വരുന്ന ഈ അവസരത്തിൽ, നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിൽ, ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായുള്ള താഴെപ്പറയുന്ന വസ്തുവകകൾ റീ സർവ്വേ റിക്കാർഡുകളിൽ ഗ്രാമപഞ്ചായത്തിൻറെ തണ്ടപ്പേരിൽ ഉൾപ്പെട്ടതായി കാണുന്നില്ലെന്നും ആയത് അടിന്തിരമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തണ്ടപ്പേർനൽകി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾക്കൊള്ളിക്കത്തക്ക വിധം പുനർ നിർണ്ണയിച്ച് നൽകുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി ഉണ്ടാകണമെന്ന് വൈക്കം സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് (റീ-സർവ്വേ) സൂപ്രണ്ടിനോട് അഭ്യർത്ഥിക്കാൻ കമ്മറ്റി തിരുമാനിച്ചിരുന്നു.(തീരുമാനം 25/08/21 ലെ തീരുമാനം 1 )

1, കാലങ്ങളായി ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചു വരുന്ന ഓഫീസ് കെട്ടിടം സ്ഥിതിചെയ്യുന്നതും അതിനോട് അനുബന്ധമായി കാലങ്ങളായി ഗ്രാമപഞ്ചായത്ത് വാടക ഈടാക്കി വരുന്ന കടമുറികൾഉൾപ്പെടുന്ന ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്നതുമായ സ്ഥലം.

2. തലയോലപ്പറമ്പ് മാർക്കറ്റും അതിനോട് അനുബന്ധമായി കാലങ്ങളായി ഗ്രാമപഞ്ചായത്തിൻറെ കൈവശമുള്ള സ്ഥലങ്ങളും

3.പഞ്ചായത്ത് ബസ് സ്റ്റാൻറും,ആയതിനു സമീപം നിർമ്മാണം പൂർത്തിയയതും, നിർമ്മാണം നടന്നു വരുന്നതുമായ ഷോപ്പിംഗ് കോപ്ലക്സ് ഉൾപ്പെടുന്ന സ്ഥലം.

4.ഗ്രാമപഞ്ചായത്ത് 15-ാം വാർഡിലെ വിദ്യാഭിവർദ്ധിനി ഗ്രാമീണ വായനശാലയും അതിനു താഴത്തെ നിലയിൽ ഗ്രാമപഞ്ചായത്ത് കാലങ്ങളായി വാടക ഈടാക്കിവരുന്നതുമായ കടമുറികളും ഉൾപ്പെടുന്ന സ്ഥലം.

5.ഗ്രാമപഞ്ചായത്ത് 15-ാം വാർഡിലെ ഹോമിയോ ആശുപത്രി സ്ഥിതിചെയ്യുന്ന 12 സെൻറ് സ്ഥലം

6.ഗ്രാമപഞ്ചായത്ത് ഓഫീസിനു മുൻവശത്തുള്ള റോഡ്

7.ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കാലങ്ങളായി പൊതു വഴികളായി ഉപയോഗിച്ച വരുന്നതും എന്നാൽ നിലവിലെ റവന്യൂ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലല്ലാത്തതുമായ പൊതുവഴികൾ.

കമ്മിറ്റി തീരുമാനം നടപ്പാക്കിയതിന്റെ തുടർനടപടികൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/02.03.2023) തീരുമാനം റീസർവ്വേ വകുപ്പിന് കൈമാറിയെന്ന് മറുപടി ലഭ്യമാക്കി. വിവിധ വിഷയങ്ങളിൽ കമ്മറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്

## 1-38 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക(വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(11/02.03.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 തെരുവു വിളക്കു പരിപാലനം -പ്രോജക്ടു നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി വർഷം വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊ.നം | 138/22 |
| അടങ്കൽ | 490000 |
| ഫണ്ട് | CFC |
| ചെലവ് | 489980 |
| ബിൽനം/തി. | -206/15.03.2022<br>123900/-<br>228/20-03/2022<br>183040<br>229/20.03.2022<br>183040/ |

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിൽ 24 Watt ന്റെയും12watt ന്റെയും 639LED Automatic തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഓപ്പൺ ടെണ്ടർ മുഖേന വാങ്ങൽ നടത്താനായിരുന്നു പ്രൊജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ പിന്നീട് പദ്ധതി റിവൈസ് ചെയ്ത് നിർമ്മൽ ലൈറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയാണുണ്ടായത്. പദ്ധതി പൂർത്തിയാക്കിയതിനെ തുടർന്ന് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് ബൾബുകൾ സ്ഥാപിച്ചത് എന്ന വിവരം കരാറുകാരൻ ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ പൂർത്തിയാക്കിയാൽ ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികളാണ് അതിന്റെ ഫലപ്രാപ്തി വിലയിരുത്തേണ്ടത്. എന്നാൽ പോസ്റ്റ് നമ്പർ ഉൾപ്പെടെ വിശദമായ മോണിറ്ററിംഗ് നടത്താതെ

മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കുന്നത് തെറ്റായ നടപടിയാണ്. മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം590 ബൾബുകൾ സ്ഥാപിച്ചതായാണ് കാണുന്നത്. ഇതു പ്രകാരം 49ബൾബുകളുടെ തുക അധികമായി കൊടുത്തിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ, കേടായ സ്ട്രീറ്റ് ലൈറ്റ് അനുബന്ധ ഉപകരണങ്ങളുടെ രജിസ്റ്റർ, കറന്റ് ചാർജ് രജിസ്ററർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 489980/- രൂപയുടെ ചെവല് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-40 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിലാണ് സ.ഉ.(സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം ഡിസിസി പ്രവർത്തിച്ചിരുന്നത്(4/2020 മുതൽ 09/2021 വരെ)

ഡിസിസി/സിഎഫ് എൽ റ്റി സി നടത്തിപ്പിനായി794044രൂപ 2021-22 വർഷം വരെ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിരുന്നു. 649685 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA) നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, ട്രാൻസ്പോർട്ടേഷൻ, കുടിവെള്ളം, സ്റ്റേഷനറി (മെഡിക്കൽ ഉൾപ്പെടെ), മൊബൈൽ ഫോൺ ചാർജിങ്ങ്, ക്ലീനിംഗ് & റിപ്പയർ, ഭക്ഷണം, ഹോണറേറിയം വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചത്.

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി കടുത്തുരുത്തി സബ് ട്രഷറിയിൽ അക്കൗണ്ട് 03/08/2020-ൽ തുടങ്ങിയിരുന്നു. പ്രസ്തുത അക്കൗണ്ടിലൂടെയായിരുന്നു പണമിടപാട് നടത്തിയിരുന്നത്. 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതു സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## 1-41 ആസ്തിപരിപാലനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് &മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും(AMP) തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ്(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് നിർമ്മാണപ്രവൃത്തിയിലെ പ്രോജക്ട് ഫയലുകളിലൊന്നിലും ഇത്തരത്തിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി 2022-23 വർഷം 45000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-2022 | 07.03.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത്, എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2021-22 ൽ ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 468000 | ലൈഫ് മിഷൻ പാർപ്പിട | 468000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി – പട്ടികജാതി വിഭാഗം (94/22) | | |
| | 2021-22 | 200000 | സ്കോളർഷിപ്പ് (23/22) | 200000 | 0 |
| ഒട്ടാകെ | | 668000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 668000 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 1576262 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (4/22) | 1576262 | 0 |
| | | 21738 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (94/22) | 21738 | 0 |
| | 2021-22 | 800000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി മൂന്നാം ഘട്ടം-ജനറൽ (3/22) | 800000 | 0 |
| | 2021-22 | 199990 | സ്കോളർഷിപ്പ് (23/22) | 199990 | 0 |
| ആകെ | | 2597990 | ജില്ല പഞ്ചായത്ത് വിഹിതം | 2597990 | - |

മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന്(പ്രോജക്ട് മാപ്പിങ്ങിലൂടെയും നേരിട്ടും) എ.സി.ആർ.-ൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപപ്രവൃത്തികൾ ഇല്ലായിരുന്നു.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2020-21 ൽ തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി(KURDFC) | ജി ഓ (എം എസ് ) നം 100/2018 /തസ്വഭവ,30.07.2018 | 5228000 | 0 | 1364000 | 3864000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5183145 |
| തൻവർഷം നിക്ഷേപിച്ച തുക | 307073 |
| ആകെ | 5490218 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2818016 |
| 31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2672202 |

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, വർഷം | പ്രാരംഭബാക്കി | 2021-22 പലിശ | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി. FD No.09226 | 7,50,000 26.11.12 | 1460713 | 105902 | 1566615 | 10.01.2022—ൽ പിൻവലിച്ച് ( അക്കൗണ്ട് ക്ലോസ് ചെയ്തു) |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക്, തലയോലപ്പറമ്പ്- 0802101000001646 | 2500000 03.10.19 | 2665390 | 152626 | 2818016 | |
| 3 | എസ്.ബി.ഐ,തലയോലപ്പറമ്പ് 39209454473 | 1000000 09.03.20 | 1057042 | 48545 | 1105587 | |
| | ആകെ | 4,250,000 | 5183145 | 307073 | 2672202 | |

ക്രമ നം.3 ലെ സ്ഥിര നിക്ഷേപം 10.01.2022 ലും ക്ലോസ് ചെയ്തതിനാൽ ഓഡിറ്റ് സമയത്ത് അവയുടെ സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ സ്ഥിര നിക്ഷേപ രജിസ്റ്റർ, വാർഷികകണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ വർഷം ഓഡിറ്റ് റിക്കവറി ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-9 | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2002-03 | ഭാഗം 2<br>ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | നിയമസഭാ സമിതി(14-16) 52-ാംമത് റിപ്പോർട്ട് ഖ 14, 15 പ്രകാരം അധികം നൽകിയ ധാന്യത്തിന്റെ മൂല്യം പണത്തിൽ കുറവ് ചെയ്തിട്ടില്ലെങ്കിൽ തുക ഈടാക്കണം |
| 1999-00 | 25(ബി), 33 | 2003-04 | പേജ് 63 | 1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554<br>2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി-15,608 | നിയമസഭാ സമിതിയുടെ (16-19) 11-ാംമത് റിപ്പോർട്ട് ഖ.35 പ്രകാരം ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കണം |
| 11-12 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ<br>ഖ 5-1<br>പേജ് 57, 65, 76 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-1, 2-2, 2-3, 2-4 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-7 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | സംബന്ധിച്ച് | പരിഗണനയിൽ |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 87576166.05 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71300567 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1819076 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 82624 | ഡോ.സുമ കെ ബി<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-28 | 400000 | ഷീജാമോൾ കെ<br>അസി.സെക്രട്ടറി |
| 1-32 | 98612 | ശ്രീമതി സൂര്യ ആർ<br>അസി.എഞ്ചിനീയർ |
| 1-33 | 747860 | ശ്രീമതി സൂര്യ ആർ<br>അസി.എഞ്ചിനീയർ |
| 1-39 | 489980 | ശ്രീ.രമേഷ് ബാബു<br>സെക്രട്ടറി |
| ആകെ | 1819076 | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09 | |
| 1999-00 ചെലവ് | കെഎസ് എ കെടിഎം പി8/അദാ.22/1142(1) /1.8.22 | 5 |
| 1998-99 വരവ് | എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09 | |
| 1999-00 വരവ് | എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09 | |
| പ്ലാൻ 2000-01, 01-02 | കെഎസ് എ കെടിഎം പി8/അദാ.22/1142(5) /22/1.8.22 | 9 |
| 2002-03, ചെലവ് | എൽ.എഫ്.കെ.പി5/678/05/30.03.18 | |
| 2000-01 വരവ് | എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09 | |
| 2001-02 | എൽ.എഫ്.കെ.പി5/1082/08/30.03.10 | |
| 2003-04 | കെഎസ് എ കെടിഎം പി8/അദാ.22/1142(4) /1.8.22 | 31 |
| 2004-05 | കെഎസ് എ കെടിഎം പി8/അദാ.22/1142(5) /1.8.22 | 6 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018/16.02.18 /14.03.18 | 2 |
| 2006-07 | കെഎസ് എ കെടിഎം പി8/അദാ.22/1142(6) /1.8.22 | 7 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)22/1142(7) /22/01.08.2022 | 9 |
| 2008-09 | കെഎസ് എ കെടിഎം പി8/അദാ.22/1142(8) /22/1.8.22 | 4 |
| 2009-10 | കെഎസ് എ കെടിഎം പി8/അദാ.22/1142(9) /22/1.8.22 | 12 |
| 2010-11 & 2011-12 | കെഎസ് എ കെടിഎം പി8/അദാ.22/1142(9) /22/1.8.22 | 11 |
| 2012-13 | കെഎസ് എ കെടിഎം പി8/അദാ.22/1142(11) /22/1.8.22 | 13 |
| 2013-14 | കെഎസ് എ കെടിഎം പി8/അദാ.22/1142(13) | 5 |

| | | |
|---|---|---|
| | /22/1.8.22 | |
| 2014-15 | കെഎസ് എ കെടിഎം പി8/അദാ.22/860(1) /22/1.8.22 | 10 |
| 2015-16 | കെഎസ് എ കെടിഎം പി8/അദാ.22/860(2) /22/1.8.22 | 11 |
| 2016-17 | കെഎസ് എ കെടിഎം പി8/അദാ.22/142/22 /1.8.22 | 19 |
| 2017-18 | കെഎസ് എ കെടിഎം പി8/അദാ.22/860(3) /22/1.8.22 | 14 |
| 2018-19 | കെഎസ് എ കെടിഎം പി8/അദാ.22/860(4) /22/1.8.22 | 19 |
| 2019-20 | കെഎസ് എ കെടിഎം പി8/100/22/8.6.22 | 20 |
| 2020-21 | കെഎസ് എ കെടിഎം പി8/1016/22/9.6.22 | 34 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്